**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 485** **25-03-2025 - ൽ മറുപടിയ്ക്ക്**

**കടൽത്തീരപ്രദേശങ്ങളിലെ മണൽ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ കടൽത്തീരപ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മണൽ നിക്ഷേപമുള്ളതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനം ഇതു സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടില്ല. |
| (ബി) | ഇത്തരം മണൽ നിക്ഷേപമുള്ള സ്ഥലങ്ങൾ ലേലം ചെയ്ത് നൽകാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. കേന്ദ്ര നിയമമായ 2002 – ലെ ഓഫ് ഷോർ ഏരിയാസ് മിനറൽ ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ ആക്ടിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതികളുടെ അഭിപ്രായ സ്വരൂപണ വേളയിൽ കടൽ ഖനനം സംബന്ധിച്ച സംസ്ഥാനത്തിന്റെ എതിർപ്പ് രേഖാമൂലം കേന്ദ്രസർക്കാരിനെ 11.03.2023 – ൽ അറിയിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ, ആക്ടിന്റെ ഭേദഗതിയുമായി മുമ്പോട്ട് പോവുകയും 11.08.2023 – ൽ ഭേദഗതി വിജ്ഞാപനമാവുകയും ചെയ്തു. ടി വിഷയം സംബന്ധിച്ച് കേന്ദ്രസർക്കാർ 11.01.2025 തീയതിയിൽ കൊച്ചിയിൽ സംഘടിപ്പിച്ച റോഡ് ഷോയിൽ കേന്ദ്ര മൈൻസ് സെക്രട്ടറി മുൻപാകെ സംസ്ഥാനത്തിന്റെ നയപരമായ നിലപാടും കടൽ ഖനനം സംബന്ധിച്ച എതിർപ്പും ആശങ്കയും അറിയിക്കുകയും ഓഫ്ഷോർ മിനറൽ ഡ്രെഡ്ജിങ് ഉയർത്താവുന്ന വിവിധ പാരിസ്ഥിതികവും സാമൂഹികവുമായ വിഷയങ്ങളിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഒറീസ്സയിലെ ഭുവനേശ്വറിൽ 19.01.2025 -ൽ ചേർന്ന 64-ാം സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിങ് ബോർഡിൽ ഓഫ് ഷോർ ഖനനം സംബന്ധിച്ച് കേരളം ഉന്നയിച്ച പാരിസ്ഥിതികമായ ഉത്കണ്ഠകൾ ചർച്ചയ്ക്ക് വരികയും ആയത് സംബന്ധിച്ചുള്ള പഠനം നടത്തുവാൻ നാഷണൽ |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി എന്ന സ്ഥാപനത്തിനോട് കേന്ദ്ര ഖനി സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തിന്റെ ആശങ്കകൾക്ക് അടിസ്ഥാനമാകുന്ന വിവിധ ഘടകങ്ങളെ ബന്ധപ്പെടുത്തി പ്രസ്തുത ആഴക്കടൽ മണൽ ഖനനമെന്ന പ്രോജക്റ്റ് പൂർണ്ണമായും ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിശദമായ കത്ത് 13.02.2025 ൽ സർക്കാരിൽ നിന്നും കേന്ദ്ര ഖനി സെക്രട്ടറിക്കു അയച്ചിട്ടുണ്ട്.<br><br>കടൽ ഖനനം സംസ്ഥാനത്ത് ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവും തൊഴിൽ പരവുമായ പ്രത്യാഘാതങ്ങൾ ചൂണ്ടിക്കാട്ടി പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര മത്സ്യ ബന്ധന വകുപ്പ് മന്ത്രിക്കും, ഖനി വകുപ്പ് മന്ത്രിക്കും സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി 27.02.2025 – ൽ കത്ത് നൽകിയിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയെയും പാരിസ്ഥിതിക സന്തുലനത്തെയും പ്രതികൂലമായി ബാധിക്കുന്ന ആഴക്കടൽ ധാതുഖനനം ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് 04.03.2025 – ൽ കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസാക്കിയിട്ടുള്ളതുമാണ്. മേൽ പ്രകാരം കടൽ ഖനനത്തിനായുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ സംസ്ഥാന സർക്കാർ വിവിധ തലങ്ങളിൽ എതിർപ്പ് രേഖപ്പെടുത്തി നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ